ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രീകാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്.

(സി) ഉദ്ദേശം രണ്ടു വർഷത്തെ കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

17 [790] ശ്രീ. രാജു എബ്രഹാം :
,, ടി. കെ. ദേവകുമാർ :
,, വി. കെ. ചന്ദ്രൻ :
,, ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിൽ അഴിമതി വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ് ഉദ്യോഗസ്ഥതലത്തിൽ വർദ്ധിച്ചുവരുന്ന അഴിമതിയെക്കുറിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വരുമാനത്തിൽ കവിഞ്ഞ സ്വത്തു സമ്പാദിച്ച ഉദ്യോഗസ്ഥന്മാരെക്കുറിച്ച് വിജിലൻസ് വകുപ്പ് നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) അഴിമതി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുവെന്ന് ആരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷണം നടത്തുകയും അങ്ങനെയുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ വിശദമായ അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പോലീസ് ഉദ്യോഗസ്ഥതലത്തിൽ അഴിമതി തടയുന്നതിന്റെ ഭാഗമായി ഡിപ്പാർട്ടുമെന്റ് വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലും സ്പെഷ്യൽ ബ്രാഞ്ച് ഡി. വൈ. എസ്. പി.മാരെ വിജിലൻസ് ഓഫീസർമാരായി നിയമിച്ച് കർശന നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly